# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2779**

**06/11/2019-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഇരിങ്ങാലക്കുട ഷൺമുഖം കനാൽ നവീകരണം

| **ചോദ്യം**<br>**പ്രൊഫ. കെ. യു. അരുണൻ** | **മറുപടി**<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
|---|---|
| **എ)** ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ ഷൺമുഖം കനാൽ നവീകരണത്തിനായി ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | **(എ)** ടി പ്രവൃത്തിക്ക് ഏഴ് കോടി രൂപയ്ക്ക് ഭരണാനുമതിയും 695 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കനാലിന്റെ 1400 മീ. മുതൽ 4935 മീറ്റർ വരെയുള്ള 3535 മീ. ഇരുകരകളുടെയും സംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രവൃത്തി യുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| **ബി)** ഷൺമുഖം കനാൽ ബണ്ട് റോഡ് ബലപ്പെടുത്തുന്ന പ്രവൃത്തിക്കായി ഒരു കോടി അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ? | **(ബി)** കഴിഞ്ഞ മഴക്കാലത്ത് കനാലിന്റെ പാർശ്വം കുറച്ചു ഭാഗം ഇടിയുകയും അതുമൂലം കനാൽ ബണ്ട് റോഡിന്റെ വീതി കുറയുകയും ചെയ്തിട്ടുണ്ട്. അപകട ഭീഷണിയുള്ള ടി ഭാഗം എസ്.ഡി.ആർ.എഫ്-ന്റെ ഫണ്ട് ഉപയോഗിച്ച് റിപ്പയർ ചെയ്തിട്ടുണ്ട് ടി ഭാഗത്തിന്റെ പുനർനിർമ്മാണത്തിന്റെ മുന്നോടി യായി മണ്ണ് പരിശോധന , രൂപകൽപന (ഡിസൈൻസ്) എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്. അതിനു ശേഷം ബണ്ട് റോഡിന്റെ പുനർനിർമ്മാണ ത്തിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കു ന്നതാണ്. |

**സെക്ഷൻ ഓഫീസർ**